# GTWHS ANAKKAL

## ACADEMIC MASTER PLAN




## 2025-2026

Scanned with OKEN Scanner

Scanned with OKEN Scanner

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | |
| 2 | വിദ്യാലയചരിത്രം | |
| 3 | പ്രാഥമികവിവരങ്ങൾ | |
| 4 | വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ | |
| 5 | നേട്ടങ്ങളും വെല്ലുവിളികളും | |
| 6 | പൊതുലക്ഷ്യങ്ങൾ | |
| 7 | മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ | |
| 8 | ശാസ്ത്രപോഷണ പരിപാടി | |
| 9 | ഗണിതം | |
| 10 | വിവരസാങ്കേതിക വിദ്യ | |
| 11 | കായികവികസനം | |
| 12 | പ്രവൃത്തിപഠനം | |
| 13 | പി.ടി.എ. ശാക്തീകരണം | |
| 14 | തനതു പ്രവർത്തനം | |




Scanned with OKEN Scanner

Scanned with OKEN Scanner

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ദേശീയ വിദ്യാഭ്യാസ നയം നമ്മുടെ കേരളം എന്നേ പൊതു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാക്കുകയും സമൂഹപങ്കാളിത്തത്തോടെ അത് നേടിയെടുക്കുന്നതിൽ പരമാവധി വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ പ്രീസ്കൂൾ മുതൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ഹൈടെക് ക്ലാസ്മുറികളിലും ലാബ് ലൈബ്രറി സംവിധാനങ്ങളും കലാകായിക പഠന സാകര്യങ്ങളും ഒരുക്കി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നത്.

ആനക്കൽ ഗവ: ട്രൈബൽ വെൽ ഹൈസ്കൂളും ഈ യജ്ഞത്തിൽ തങ്ങളുടേതായ പങ്കാളിത്തം കാഴ്ചവെയ്ക്കുന്നതിൽ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാട് സൃഷ്ടിക്കുവാനും അത് സാധ്യമാക്കുവാനും സ്കൂൾ പഠനാന്തരിക്ഷത്തേയും പരിസരത്തേയും മാറ്റിയെടുക്കുവാനും കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം നേടിയെടുക്കുവാനും ഈ പ്ലാൻ വഴിയൊരുക്കുമെന്ന് പ്രത്യാശിക്കുന്നു.

Scanned with OKEN Scanner

## വിദ്യാലയ ചരിത്രം

നിരക്ഷരതയുടെ അജ്ഞതയും അന്ധകാരവും നീക്കി വെളിച്ചത്തിലേക്ക് നയിക്കാൻ ഈ വിദ്യാലയം തുടങ്ങിയത് ഓല കൊണ്ട് മേഞ്ഞ ഒരു കെട്ടിടത്തിലാണ് ആദ്യം നാലാം ക്ലാസ് വരെ മാത്രമേ ഉണ്ടായിരുന്നുള്ളു. ശ്രീ വള്ളിക്കോടൻ നാരായണൻ എന്ന മഹത് വ്യക്തി സംഭാവന ചെയ്ത സ്ഥലത്താണ് സ്കൂൾ ആരംഭിച്ചത്. ആദിവാസികൾക്ക് മാത്രമായിട്ടാണ് സ്കൂൾ ആരംഭിച്ചത്. എന്നാൽ പിൽക്കാലത്ത് എല്ലാ വിഭാഗത്തിൽ നിന്നും കുട്ടികൾ സ്കൂളിൽ ചേരാൻ തുടങ്ങി. യാതൊരു പ്രതിഫലവും വാങ്ങാതെ നല്ലവരായ നാട്ടുകാർ എല്ലാ വർഷവും സ്കൂൾ പുതുക്കി പണിയുമായിരുന്നു. വളരെ ത്യാഗം സഹിച്ചാണ് അന്ന് കുട്ടികൾ സ്കൂളിലെത്തിയിരുന്നത്. കിലോമീറ്ററുകൾ നടന്ന് ക്ഷീണിച്ച് അവശരായി എത്തുന്ന വിദ്യാർത്ഥികൾ അക്ഷരം അഭ്യസിച്ചു. അധ്യാപകർ തോണിയിൽ ആയിരുന്നു ആനക്കല്ലിൽ എത്തിയിരുന്നത്. സ്കൂൾ ആരംഭിച്ച കാലത്ത് ഹെഡ്മാസ്റ്റർ ശ്രീ.നാരായണൻ മാസ്റ്റർ ആയിരുന്നു. നാട്ടുകാരുടെ ശ്രമഫലമായി ഓഫീസ് മുറി ഉൾപ്പെടെ പത്ത് മുറികളടങ്ങുന്ന ഇരുനില കെട്ടിടത്തിന്റെ പണി പൂർത്തിയായ ശേഷം 1990 ൽ ഈ വിദ്യാലയം അപ്പർ പ്രൈമറിയായി അപ്ഗ്രേഡ് ചെയ്തു. തുടർന്ന് 1993 ൽ ഇതൊരു ഹൈസ്കൂളായി മാറി.

മലമ്പുഴ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ മലമ്പുഴ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ആനക്കല്ലിലെ ഏക ഹൈസ്കൂളാണ് ട്രൈബൽ വെൽഫെയർ ഹൈസ്കൂൾ, ആനക്കൽ. ഈ പഞ്ചായത്തിലെ ഒന്നു മുതൽ നാലു വരെ വാർഡുകളിലെ വിദ്യാർത്ഥികൾ പഠനം നടത്തുന്നത്. ആദ്യം ആദിവാസിക്കുട്ടികളുടെ പഠനം ലക്ഷ്യമിട്ട് ആരംഭിച്ച ഈ വിദ്യാലയം ഇന്ന് ഈ പ്രദേശത്തെ നാനാവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പൊതുവിദ്യാലയ മായി പ്രവർത്തിച്ചുവരുന്നു. ഒട്ടേറെ പരിമിതികളുള്ള ഈ വിദ്യാലയം ഇന്ന് ജില്ലയിൽ ശ്രദ്ധിക്കപ്പെടുന്ന പഠനം കാഴ്ചവെക്കുന്നു.

### വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

പാലക്കാട് ജില്ലയിലെ തന്നെ മികച്ച നിലവാരം പുലർത്തുന്ന സ്കൂളെന്ന നിലയിലേയ്ക്ക് ഉയരാൻ ഞങ്ങൾ പരിശ്രമിക്കുന്നുണ്ട്. ഇതിനായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റേയും എസ്.എസ്.എ തുടങ്ങിയ സഹായക സംവിധാനങ്ങളുടേയും എല്ലാം കൂട്ടായ പ്രവർത്തനം ഞങ്ങൾക്ക് ഒപ്പമുണ്ട്.



Scanned with OKEN Scanner

വിദ്യാലയത്തിൽ എത്തുന്ന മുഴുവൻ വിദ്യാർത്ഥികളെയും വിദ്യാഭ്യാസം ലക്ഷ്യമിടുന്ന പരമമായ നേട്ടത്തിലെത്തിക്കാൻ സാധിക്കുന്നില്ലെന്നത് ഒരു വസ്തുതയാണ്. ഈ പരിമിതി മറികടക്കണം. 5 വയസ്സു മുതൽ സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികളുടെയും സമഗ്ര വികാസം ലക്ഷ്യമാക്കി സമൂഹത്തിന്റെ കാഴ്ചപ്പാടിൽ വ്യക്തമായ മാറ്റം ചലനം സൃഷ്ടിക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിംഗിൽ വിഭാവനം ചെയ്തിട്ടുള്ളത്.

- ആനക്കല്ലിലെ ഈ സർക്കാർ ട്രൈബൽ ഹൈസ്കൂൾ നാടിന്റെ തന്നെ പൊതുസ്വത്തായി അറിവിന്റേയും സംസ്ക്കാരത്തിന്റെയും, നന്മയുടെയും വായനയുടേയും സാങ്കേതിക വിദ്യയുടേയും തൊഴിൽ പഠനത്തിന്റെയും കേന്ദ്രമാക്കി ഉയർത്തുക.

- എൽ.പി, യു.പി, എച്ച്.എസ്. തലങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പി.ടി.എ. എസ്.എം.സി, എസ്.എം.ടി.സി പൊതുസമൂഹം, പൂർവ്വവിദ്യാർത്ഥികൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, ബി.ആർ.സി. തുടങ്ങിയ ഘടകങ്ങളെ ഏകോപിപ്പിച്ച് വിദ്യാലയത്തെ അന്താരാഷ്ട്രനിലവാരം ആർജ്ജിക്കാനുള്ള അവസരം ഉണ്ടാക്കുക.

- അടുത്ത 10 വർഷം കൊണ്ട് നിർവഹിക്കാവുന്ന തരത്തിൽ സ്കൂളിലെ ഭൗതികവും അക്കാദമികവുമായ സമഗ്ര വികാസ പദ്ധതിയാണ് ഈ മാസ്റ്റർ പ്ലാനിംഗ് വിഭാവനം ചെയ്തിട്ടുള്ളത്. നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവവും വായനാ സംസ്ക്കാരവും പരിസ്ഥിതി സംരക്ഷണവും നിരീക്ഷണങ്ങളിലൂടെയുള്ള പഠനവും ശുചിത്വബോധം വളർത്തലും ഒക്കെ ഈ പ്ലാനിന്റെ സാക്ഷാത്കാരത്തിലൂടെ വികാസം പ്രാപിക്കുന്നു. കുട്ടികളുടെ വളർച്ചയിലൂടെ നാടിന്റെ വളർച്ച എന്ന ലക്ഷ്യം കൈവരിക്കുന്നു. സ്കൂളിനെ മികവു കേന്ദ്രമാക്കി മാറ്റുന്നു.



Scanned with OKEN Scanner

Scanned with OKEN Scanner

## നേട്ടങ്ങളും വെല്ലുവിളികളും

### ഭൗതികം - നേട്ടങ്ങൾ

വിവിധ സ്പോൺസർഷിപ്പിലൂടെ വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമിക്കുമായ വികസന പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിഞ്ഞു.

1. കിച്ചൺകം ഡൈനിംഗ് ഹാൾ ഉദ്ഘാടനത്തിനായി തയ്യാറായി കഴിഞ്ഞു.
2. 1 മുതൽ 10 വരെ എല്ലാ ക്ലാസ്മുറികളും ഹൈടെക്ക് ആവുന്നു.
3. ലാബ് ശാസ്ത്രലാബ് നവീകരണം
4. പ്രഭാതഭക്ഷണം

### വെല്ലുവിളികൾ

- പ്രീ പ്രൈമറി അധ്യാപകൻ /അധ്യാപികയ്ക്ക് കണ്ടെത്താനുള്ള ബുദ്ധിമുട്ട്.
- മലയോര മേഖലയായതിനാൽ കുട്ടികളുടെ ഹാജർ രക്ഷാകർതൃ പിന്തുണ ഉറപ്പാക്കൽ എന്നിവയിൽ ബുദ്ധിമുട്ട് നേരിടുന്നു.
- നിലവിൽ സ്ഥലസൗകര്യക്കുറവ് അനുഭവപ്പെടുന്നതിനാൽ കളിസ്ഥലം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, കുട്ടികളുടെ പാർക്ക് ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കാനും മറ്റും കഴിയുന്നില്ല.
- ട്രൈബൽ മേഖലയായതിനാൽ പി.ടി.എ. ഫണ്ട് കുറവാണ്. പ്രവർത്തനങ്ങൾ നടത്താനും കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും ബുദ്ധിമുട്ടാണ്.
- ഉയർന്ന ജോലിയും ഉന്നത ജീവിതനിലവാരവും, സാദ്ധ്യമാകാത്ത ജീവിത സാഹചര്യം ഉള്ള രക്ഷിതാക്കളുടെ മക്കളായതിനാൽ തുടർവിദ്യാഭ്യാസ സ്ഥലം നല്ല രീതിയിൽ ലഭിക്കുന്നില്ല. അതിനാൽ മറ്റു സ്കൂളിലേതുപോലെ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ സഹായവും ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

Scanned with OKEN Scanner
Scanned with OKEN Scanner

## അക്കാദമികം - നേട്ടങ്ങൾ

- വിവിധ ക്വിസ് മത്സരങ്ങളിൽ മികച്ച സ്ഥാനങ്ങൾ
- കുട്ടികളുടെ ദൈനംദിന പഠനവുമായി ബന്ധപ്പെട്ട ദിനാഘോഷ പ്രവർത്തനങ്ങൾ
- മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പരിപാടികളുടെ ഫലമായി ആദിവാസി ഗോത്രവിദ്യാർത്ഥികളിൽ നേരത്തെ ഉണ്ടായിരുന്ന "സ്വയം പിൻവാങ്ങൽ" ശീലത്തിലുണ്ടായ പ്രകടമായ മാറ്റം.
- മേച്ചപ്പെട്ട അധ്യാപക വിദ്യാർത്ഥി ബന്ധം.
- ഭിന്നശേഷിക്കാരുടെ വ്യക്തിത്വ വികസനം ഉറപ്പാക്കി കൊണ്ടുള്ള സഹവർത്തിത്വം
- ഡിജിറ്റൽ സൗകെര്യത്തോടു കൂടിയ സ്മാർട്ട് റും സൗകര്യം
- കുട്ടികളുടെ അവകാശം സംരക്ഷിക്കുന്ന രീതിയിലുള്ള ശിശു സൗഹൃദ അന്തരീക്ഷം
- വ്യക്തിഗത ശ്രദ്ധ നൽകുന്ന പഠനാന്തരീക്ഷം
- മികച്ച രീതിയിലുള്ള ഉച്ചഭക്ഷണ വിതരണം
- മികച്ച വായനക്കാർ
- പഠനയാത്രകൾ, ഫീൽഡ് ട്രിപ്പ്
- സബ്ജില്ല കലാകായിക ശാസ്ത്രമേളകളിൽ മികച്ച പ്രകടനം

## അക്കാദമികം വെല്ലുവിളികൾ

- കുട്ടികൾ മുഴുവനും സ്ഥിരോത്സാഹത്തോടെ വിദ്യാലയത്തിൽ സ്ഥിരമായി ഹാജരാകുന്നില്ല.
- മുഴുവൻ കുട്ടികളെയും ഉന്നത നിലവാരത്തിൽ എത്തിക്കാൻ സാധിക്കുന്നില്ല.
- വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ വിജയം കൈവരുത്തേണ്ടതുണ്ട്.
- ലൈബ്രറി സംവിധാനം കുട്ടികളെ ആകർഷിക്കുന്ന തരത്തിലും എളുപ്പം ലഭ്യമാക്കുന്ന വിധത്തിലും ഒരുക്കേണ്ടതുണ്ട്.
- കലാകായിക പ്രവർത്തനങ്ങൾക്ക് സ്ഥിരഅധ്യാപകരില്ലായ്മ.
- വാഹന സൗകര്യമില്ലായ്മ



Scanned with OKEN Scanner

## പദ്ധതി രൂപീകരണം

അക്കാദമിക് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി എസ്.ആർ.ജി. കൂടുകയും അതിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ PTA, SMC, SMDC കമ്മിറ്റികൾക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കലാകായിക വികസനത്തിനും ഐ.ടി. അധിഷ്ഠിത പഠനത്തിനുമുള്ള സാധ്യതകൾ ആസൂത്രണം ചെയ്യാൻ വിദഗ്ധരായ അധ്യാപകരുടെ ഭാഗത്തുനിന്നും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും സാധ്യമാക്കിയിട്ടുണ്ട്.

## നിലവിലെ സ്ഥിതി

അക്കാദമിക് പ്ലാനിംഗ് വിഭാവനം ചെയ്തിട്ടുള്ള വികസന കാഴ്ചപ്പാടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തണമെങ്കിൽ നിലവിലുള്ള അവസ്ഥകളെ വിശകലനം ചെയ്യേണ്ടതുണ്ട്.

സ്കൂൾ പ്രവർത്തനങ്ങളെ സഹായിക്കാനും മുന്നോട്ടു നയിക്കാനും പി.ടി.എ. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ മദർ പി.ടി.എ. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തുടങ്ങിയ സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടുന്നുണ്ട്. പ്രവൃത്തി പരിചയം കായികമേള, മറ്റ് ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിൽ കുട്ടികളെ പങ്കെടുപ്പിച്ച് മികച്ച നിലവാരം പ്രാപ്തമാക്കാനും അധ്യാപകരുടെയും പി.ടി.എയുടെയും ആത്മാർത്ഥമായ പ്രവർത്തനം കരുത്തു നൽകുന്നു. പഠനത്തിൽ പിന്നിലാവുന്ന കുട്ടികൾക്ക് ഇത്തരത്തിൽ പ്രോത്സാഹനം നൽകി സ്കൂളിലേക്ക് ആകർഷിക്കാമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.



Scanned with OKEN Scanner

Scanned with OKEN Scanner

# മെഡിക്കൽ ക്യാമ്പ്

## ലക്ഷ്യം

ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുക.

## പ്രവർത്തനങ്ങൾ

പി.എച്ച്.സിയുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ശുചിത്വത്തെകുറിച്ചുള്ള ബോധവൽക്കരണം, പെൺകുട്ടികൾക്കു പ്രത്യേക ആരോഗ്യ പരിപാലന പരിപാടി. അയൺ ഫോളിക് ഗുളികകൾ നൽകൽ, വിരയ്ക്കുള്ള മരുന്ന് നൽകൽ, ത്വക്ക് കണ്ണ് തുടങ്ങിയവയുടെ പരിശോധനകൾ മഴക്കാല രോഗങ്ങൾ മറ്റു പകർച്ചവ്യാധികൾ ഇവയെക്കുറിച്ചു ക്ലാസുകൾ രക്തഗ്രൂപ്പ് നിർണയം വിവിധ ഭക്ഷ്യവസ്തുക്കളെക്കുറിച്ചും ക്ലാസുകൾ ഇവ നടത്തുന്നു. പ്രതിരോധ കുത്തിവെപ്പുകൾ, അമ്മമാർക്കു വിവിധ ഇലക്കറികളെ കുറിച്ചും, പച്ചക്കറികളെക്കുറിച്ചും ഉള്ള അറിവ് നൽകാനായി ഡോക്ടർമാർ നയിക്കുന്ന ചർച്ച ക്ലാസുകൾ, ബോധവത്ക്കരണം, കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യപരിപാലനത്തിൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.

## കാലം

വർഷത്തിൽ 2 തവണ

## ചുമതല

എച്ച്.എം.ഹെൽത്ത് നോഡൽ ടിച്ചർ, പി.എച്ച്.സി. മലമ്പുഴ



Scanned with OKEN Scanner

Scanned with OKEN Scanner

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## മേഖല - അക്കാദമികം

പ്രവർത്തനം - 1) ഭാഷാശേഷി വികസിപ്പിക്കുക. തുല്യതയ്ക്കും ഗുണമേന്മയ്ക്കും ഊന്നൽ നൽകി മികവിലേക്ക്.

ഉപമേഖല : a) മലയാള ഭാഷാ വികസനം

കുട്ടികളെ മികച്ച വായനക്കാരനും, ആശയസംവാദശേഷിയുള്ളവനും ആക്കി മാറ്റി ആത്മവിശ്വാസത്തെ ഉണർത്താനും, പെരുമാറ്റത്തെ രൂപപ്പെടുത്താനും സമൂഹത്തിലെ പ്രശ്നങ്ങളെ അപഗ്രഥിക്കാനും, പരിഹരിക്കാനും കഴിവുള്ളവരാക്കുക. സഹജമായ നന്മകളെ ഉണർത്തി, ജീവിതത്തെ പോസിറ്റീവ് ആയി കാണുന്നവരാക്കി മാറ്റുക, പഠനത്തിൽ പിന്നിൽ നിൽക്കുന്നവരെ മുൻധാരയിലെത്തിക്കുക, സർഗശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ നേട്ടങ്ങൾക്ക് ഊന്നൽ നൽകുന്നു.

| ലക്ഷ്യം | പ്രവർത്തനം | ഗുണഭോക്താവ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും, സ്ഫുടമായി സംസാരിക്കാനും ആശയങ്ങൾ അവതരിപ്പിക്കാനും ശേഷി കൈവരിക്കൽ | മലയാളത്തിളക്കം<br>• പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തൽ<br>• 20 കുട്ടികൾക്ക് 2 അധ്യാപകർ ചുമതല ഏറ്റെടുക്കൽ<br>• ദിവസം 1 മണിക്കൂർ അധ്യയനം തടസ്സപ്പെടാത്ത രീതിയിൽ ക്ലാസ് കൈകാര്യം ചെയ്യൽ. (രാവിലെ 9.00 - 10.00 ഉച്ചക്ക് 1.15 - 2.00)<br>• പോസ്റ്റ് ടെസ്റ്റ് നടത്തൽ<br>• ആവശ്യമായ കുട്ടികൾക്ക് പഠനപിന്തുണ | ഒന്നുമുതൽ നാലാം തരം വരെ മുഴുവൻ കുട്ടികളും യു.പി. ക്ലാസ്സിലെ മലയാള ഭാഷയിൽ പിന്തുണ ആവശ്യമുള്ളവർ | ജൂൺ - ആഗസ്റ്റ് | അധ്യാപകർ (20 കുട്ടികൾക്ക് 2 അധ്യാപകർ) | 500/- (മെറ്റീരിയൽസ്) |
| | വർക്ക്ഷീറ്റുകൾ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഭാഗങ്ങളുടെ വർക്ക്ഷീറ്റ് | ഒന്നാം തലം മുതൽ ഏഴാം തരം വരെ | മെയ് - ജൂൺ | ക്ലാസ് / വിഷയ അധ്യാപകർ SRG | 5000/- പ്രിന്റിംഗ് |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം<br>• എസ്.ആർ.ജിയിൽ ചർച്ച ചെയ്യൽ<br>• വർക്ക്ഷീറ്റ് നിർമ്മാണ ശില്പശാല (സ്കൂളിൽ)<br>• മെയ്മാസത്തിൽ സ്കൂളിൽ തയ്യാറാക്കൽ<br>• എഡിറ്റിംഗ് വർക്കുകൾ<br>• പ്രിന്റിംഗ് | | | | |
| | <u>സാഹിത്യസമാജം, ബാലവേദി</u><br>• മാസത്തിലൊരിക്കൽ<br>• എൽ.പി/യു.പി വിഭാഗക്കാർക്ക്<br>• കഥ, കവിത, പ്രസംഗം, സ്കിറ്റ് മത്സരങ്ങൾക്കുള്ള വേദി<br>• അഭിനയത്തിന്റെ സാധ്യത<br>• സർഗാത്മക രചനക്കുള്ള അവസരം<br>• (കഥ, കവിത, ചിത്രം വര ഉപന്യാസം) | ഒന്നു മുതൽ ഏഴാം ക്ലാസ്സ് വരെ | ജൂൺ - മാർച്ച് | SRG | |
| | <u>നാടകക്കളരി</u><br>• പാഠഭാഗവുമായി ബന്ധപ്പെട്ട് തീം കണ്ടെത്തി ക്ലാസ് തലത്തിൽ അവതരിപ്പിക്കൽ<br>• സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>• എഡിറ്റിംഗ്<br>• അഭിനേതാക്കളെ കണ്ടെത്തൽ<br>• ക്ലാസ്തലം /സ്കൂൾതലം<br>• മികച്ചവ കണ്ടെത്തൽ<br>• നാടകോത്സവമായി അവതരിപ്പിക്കൽ | അഞ്ചു മുതൽ പത്താം തരെ വരെ | ജൂലായ് - ജനുവരി | SRG | |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | ഷോർട്ട് ഫിലിം<br>നാടകോത്സവത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച സ്ക്രിപ്റ്റുകളെ ഷോർട്ട് ഫിലിം ആക്കി മാറ്റുന്നു.<br>• സ്ക്രിപ്റ്റ് എഡിറ്റിംഗ് (അധ്യാപകരുടെ മേൽനോട്ടത്തിൽ)<br>• സ്ക്രീനിംഗ് നടത്തി അഭിനേതാക്കളെ കണ്ടെത്തൽ<br>• ഷോർട്ട് ഫിലിം നിർമ്മാണം (സാങ്കേതിക വിദഗ്ധരെ ഉപയോഗപ്പെടുത്തി)<br>• സ്പോൺസർമാരെ കണ്ടെത്താം | എട്ടു മുതൽ പത്താം തരം വരെ | ജനുവരി | SRG | 5000/- |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറി<br>• എല്ലാ ക്ലാസിലേക്കും കുട്ടികളുടെ നിലവാരമനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ (50 എണ്ണം)<br>• പുസ്തകങ്ങൾ സൂക്ഷിക്കാൻ ആവശ്യമായ ഷെൽഫുകൾ (പുസ്തകങ്ങൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ ശ്രമിക്കണം)<br>• കുട്ടികൾ തന്ന പുസ്തക രജിസ്റ്റർ സൂക്ഷിക്കൽ<br>• ആനുകാലിക മാസികകൾ പത്രങ്ങൾ എന്നിവ ക്ലാസ് മുറികളിൽ ലഭ്യമാക്കൽ | ഒന്നു മുതൽ പത്താം തരം വരെ | മാസത്തിൽ ഒന്നു വീതം | SRG | |
| | പുസ്തക പരിചയം / സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>• വായിച്ച പുസ്തകത്തെക്കുറിച്ച് ആസ്വാദനകുറിപ്പ് തയ്യാറാക്കൽ | ഒന്നു മുതൽ പത്താം തരെ വരെ | | | |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | • വായനാക്കുറിപ്പ് മത്സരം സംഘടിപ്പിക്കൽ<br>• ശൈലികൾ, പദങ്ങൾ സന്ദർഭങ്ങൾ എന്നിവ പരിചയപ്പെടൽ<br>• പുസ്തക ചർച്ച സംഘടിപ്പിക്കൽ<br>• അസംബ്ലിയിൽ അവതരിപ്പിക്കൽ | | | | |
| | <u>പത്രവാർത്താ വായന</u><br>• ക്ലാസ് റൂമിൽ പത്രവായനയ്ക്കുള്ള അവസരമൊരുക്കൽ<br>• വായിച്ച പത്രങ്ങളിൽ നിന്ന് ദിവസവും 5 ചോദ്യങ്ങൾ, ഉത്തരങ്ങൾ എഴുതി പെട്ടിയിൽ ഇടുന്നു.<br>• നറുക്കെടുപ്പിലൂടെ സമ്മാനം<br>• അസംബ്ലിയിൽ അനുമോദനം | മൂന്നാം തരം മുതൽ പത്താം തരം വരെ | ജൂൺ – മാർച്ച് | SRG | |
| | <u>വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ</u> (യു.പി. / എച്ച്.എസ്. വിഭാഗക്കാർക്ക്)<br>• മാതൃകകൾ നിരീക്ഷിക്കാൻ അവസരം നൽകൽ<br>• സ്കൂൾതല പത്രവാർത്താവായന മത്സരം<br>• വിജയികളെ കണ്ടെത്തൽ<br>• അധ്യാപകന്റെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം നൽകൽ | അഞ്ച് മുതൽ പത്താം തരം വരെ | ജൂൺ – ആഗസ്റ്റ് | SRG | |
| | <u>പിറന്നാളിനൊരു പുസ്തകം</u><br>• പിറന്നാളിന് ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യൽ<br>• സ്കൂൾ അസംബ്ലിയിൽ | മുഴുവൻ കുട്ടികളും | ജൂൺ – മാർച്ച് | PTA SRG | |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | അനുമോദനം | | | | |
| | അമ്മവായന<br>• എല്ലാ അമ്മമാരേയും സ്കൂൾ ലൈബ്രറിയിൽ അംഗമാക്കൽ<br>• 2 ആഴ്ചയിൽ ഒരു പുസ്തകം എന്ന തോതിൽ അമ്മമാർക്ക് വിതരണം<br>• വായനാനുഭവങ്ങൾ അസംബ്ലിയിൽ പങ്കുവെയ്ക്കാം.<br>• മികച്ച വായനക്കാരിക്ക് സമ്മാനം പ്രത്യേക വിതരണ രജിസ്റ്റർ സൂക്ഷിക്കണം | മുഴുവൻ രക്ഷിതാക്കളും കുട്ടികളും | | | |
| | വായനാ കാർഡുകൾ<br>• ക്ലാസ് നിലവാരമനുസരിച്ച് അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വിദഗ്ധർ ചേർന്ന് നിർമ്മിക്കുന്ന വായന ക്കാർഡുകൾ (എൽ.പി./യു.പി വിഭാഗം)<br>• ഓരോ ടേമിലും ഒരു ദിവസത്തെ ശില്പശാലയായി ഇത് സംഘടിപ്പിക്കാം. എഡിറ്റിംഗ്, പ്രിന്റിംഗ് എന്നിവ അനുബന്ധമായി നടത്തേണ്ടതുണ്ട്.<br>• വർഷത്തിൽ 50 വായനാ കാർഡെങ്കിലും കുട്ടികൾ പരിചയപ്പെടേണ്ടതുണ്ട്. | ഒന്നു മുതൽ ഏഴാം തരം വരെ | മൂന്ന് മാസത്തിലൊരിക്കൽ | PTA<br>SRG<br>SSG | 500 (ഡി.ടി.പി & പ്രിന്റിംഗ്) |
| രചനാസിദ്ധി പരിപോഷിപ്പിക്കൽ | സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>• നാടകോത്സവമായി ബന്ധപ്പെടുത്തി സ്ക്രിപ്റ്റ് തയ്യാറാക്കൽ (ക്ലാസ് തലം / | ഹൈസ്കൂൾ വിഭാഗം | ജൂലായ് | SRG | |

Scanned with OKEN Scanner
Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | സ്കൂൾതലം)<br>• എഡിറ്റിംഗ്<br>• മെച്ചപ്പെടുത്തൽ<br>• മികച്ച സ്ക്രിപ്റ്റിനു സമ്മാനം | | | | |
| | <u>രചനാ ശില്പശാലകൾ</u><br>• മൂന്ന് മാസത്തിലൊരിക്കൽ രചന ശില്പശാലകൾ സംഘടിപ്പിക്കൽ<br>• സർഗാത്മക രചനയ്ക്കുള്ള അവസരം (കഥ, കവിത, ഉപന്യാസം, അനുഭവം)<br>• വിദഗ്ധരെ പങ്കെടുപ്പിക്കൽ, അനുഭവങ്ങൾ പങ്കുവെക്കൽ, മാതൃകകൾ പരിചയപ്പെടൽ<br>• മികച്ച രചനകൾക്ക് സമ്മാനം | ഒന്നാം തരം മുതൽ പത്താം തരം വരെ | മൂന്ന് മാസത്തിലൊരിക്കൽ | PTA<br>SRG | 300 (ആർ.പി. മാർക്ക്) |
| | <u>കൈയ്യെഴുത്തു മാസിക / പതിപ്പുകൾ, പോസ്റ്ററുകൾ</u><br>ദിനാചരണ ങ്ങളുമായി ബന്ധപ്പെട്ടതും, പാഠഭാഗവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങളിൽ കുട്ടികൾ തയ്യാറാക്കുന്ന കൈയ്യെഴുത്തു മാസികകൾ / പതിപ്പുകൾ പോസ്റ്ററുകൾ എന്നിവയുടെ നിർമ്മാണം.<br>• ഗ്രൂപ്പ് /ക്ലാസ്തലം<br>• സ്കൂൾതലം<br>• മികച്ചവയ്ക്ക് സമ്മാനം<br>• ക്ലാസിൽ എപ്പോഴും പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കണം<br>• CPTA യിൽ ഇത് | ഒന്നാം ക്ലാസ് മുതൽ 10-ാം ക്ലാസു വരെ | ജൂൺ – മാർച്ച് | ക്ലാസ് / വിദഗ്ധ അധ്യാപകർ | 500/- |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | രക്ഷിതാക്കൾക്കായി പ്രദർശിപ്പിക്കണം | | | | |
| | പത്രവാർത്ത നിർമ്മാണം<br>• സ്കൂളിലും, സമീപത്തും നടന്ന സംഭവങ്ങളെ കോർത്തിണക്കി പത്ര വാർത്താ നിർമ്മാണം<br>• എൽ.പി/യു.പി/എച്ച്.എസ് വിഭാഗക്കാർക്ക് പ്രത്യേക മത്സരം<br>• എൽ.പി, 3,4 ക്ലാസുകാരെ പങ്കെടുപ്പിക്കാം.<br>• മികച്ച പത്രത്തിന് സമ്മാനം<br>• പത്രത്തിന്റെ രീതികൾ പരിചയപ്പെടുത്താൻ അധ്യാപകർ ശ്രദ്ധിക്കണം.<br>• ചാർട്ട് പേപ്പറിലോ, ഡി.ടി.പി എടുത്തോ പത്രങ്ങൾ പ്രസിദ്ധീകരിക്കാം. | ഒന്നു മുതൽ പത്താം തരം വരെ | ജൂൺ – മാർച്ച് | SRG | 500 (ഡി.ടി.പി) |
| | സ്കൂളിനൊരു പത്രം<br>• സ്കൂളിന്റെ മികവുകളും കുട്ടികളുടെ മികച്ച സർഗാത്മക രചനകളും ഉൾപ്പെടുത്തി മൂന്നു മാസത്തിലൊരിക്കൽ സ്കൂൾ പത്രം പ്രസിദ്ധീകരിക്കാം<br>• കുട്ടികൾ എഡിറ്റോറിയൽ ബോർഡിൽ ഉണ്ടാകണം<br>• എഡിറ്റിംഗ് (ആവശ്യമായ സഹായങ്ങൾ അധ്യാപകർക്ക് നൽകാം)<br>• കുട്ടികൾ പുറത്തിറക്കുന്ന രീതിയിലായിരിക്കണം പത്രത്തിന്റെ | അഞ്ചു മുതൽ പത്താം തരം വരെ | മൂന്ന് മാസത്തിലൊരിക്കൽ | PTA<br>SRG | 3000/- |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | പ്രകാശനം<br>• ലളിതമായ ചടങ്ങ് സംഘടിപ്പിക്കാം<br>• ജനപ്രതിനിധികൾ സാഹിത്യ കാരൻമാർ എന്നിവരെ ഉൾപ്പെടുത്തണം. | | | | |



Scanned with OKEN Scanner

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ/ പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | ഗുണഭോക്താവ് |
|---|---|---|---|---|---|
| 1) എല്ലാ കുട്ടികളെയും തെറ്റില്ലാത്ത ഭാഷയിൽ പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് നിർദ്ദേശിച്ചതോ തെരഞ്ഞെടുത്തതോ ആയ വിഷയത്തിൽ സ്വതന്ത്ര രചന നടത്താൻ കഴിവ് നേടുക | ഭാഷോത്സവം<br>1) ക്ലാസ്സ് പത്രം പ്രകാശനം<br>സ്കൂളിൽ നടന്ന വിവിധ സംഭവങ്ങളെ അടിസ്ഥാനമാക്കി 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ പ്രസിദ്ധീകരിക്കുന്ന പത്രം.<br>2. കൂട്ടെഴുത്ത്<br>നിർദ്ദേശിക്കുന്ന ഒരു വിഷയം അല്ലെങ്കിൽ അവർ കണ്ട കാഴ്ചയെക്കുറിച്ചുള്ള വിവരണം.<br>ചുമർപത്രിക പ്രകാശനം | 2024 ജൂൺ മുതൽ 2025 മാർച്ച് വരെ | 5000 | PTA & Staff | ഒന്നു മുതൽ ഏഴാം തരം വരെ |
| 2) സാഹിത്യകൃതികൾ വായിക്കാനുള്ള താത്പര്യ കുറവ് | 1) പാട്ടരങ്ങ്<br>ദിവസവും ഓരോ കവിത പരിചയപ്പെടുത്തൽ തുടർന്ന് പഠിച്ച അക്ഷരങ്ങൾ ആവർത്തിക്കുന്ന തരത്തിലുള്ള കവിതാവായന | ജൂൺ - മാർച്ച് | 1000 | PTA | ഒന്ന്, രണ്ട് ക്ലാസ്സുകൾ |
| | 2) കഥയരങ്ങ്<br>കഥ പരിചയപ്പെടൽ, ചിത്രം നോക്കി കഥ പറയൽ, കഥ വായിക്കൽ | ജൂൺ - മാർച്ച് | 1000 | PTA | ഒന്ന് മുതൽ നാലാം ക്ലാസ് വരെ |
| 3) ഭാഷാപഠനം ലളിതവും ആകർഷകമാക്കൽ | സചിത്രപുസ്തകം<br>പരിചിതമായ സാഹചര്യങ്ങൾ ചിത്രങ്ങൾ സഹിതം നോട്ടീസ് ബോർഡിൽ ഒട്ടിച്ച് വളരെ ലളിത വാക്യനിർമ്മാണം അവയുടെ രചന<br>സംയുക്ത ഡയറി<br>എല്ലാ ദിവസത്തെയും മനസ്സിൽ തങ്ങി നിൽക്കുന്ന പ്രധാന കാര്യങ്ങൾ പറഞ്ഞുകൊണ്ട് രക്ഷിതാക്കളുടെ സഹായത്തോടെയുള്ള ഡയറി എഴുത്ത് | ജൂൺ - മാർച്ച് | 2000 | PTA & staff | ഒന്ന്, രണ്ട് ക്ലാസ്സ് |
| 4) ഭാഷാ പ്രയോഗത്തിലെ ആത്മവിശ്വാസം വളർത്താൻ | ദിവസേനയുള്ള അസംബ്ലിയിൽ ഏതെങ്കിലും ഒരു സാഹിത്യ രചനയുടെ ചെറിയ ഒരു ഭാഗം പരിചയപ്പെടുത്തൽ (പുസ്തക പരിചയം / ആസ്വാദനം എന്നീ തലങ്ങളിലേക്ക് പിന്നീട് ഉയരുന്നു) | ജൂൺ-മാർച്ച് | - | - | |
| | സംയുക്ത ഡയറി പ്രകാശനം | ഡിസംബർ | 1000 | PTA | 1-ാംതരം |



Scanned with OKEN Scanner
Scanned with OKEN Scanner

## b) ഇംഗ്ലീഷ് ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | ഗുണഭോക്താവ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അവരുടെ പ്രായമനുസരിച്ച് ഇംഗ്ലീഷ് എഴുതാനും, വായിക്കാനും ശേഷി നേടുക | <u>സ്പോക്കൺ ഇംഗ്ലീഷ്</u><br>• എല്ലാ ശനിയാഴ്ചകളിലും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ (രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ)<br>• യു.പി, എച്ച്.എസ്. വിഭാഗങ്ങൾക്ക് പങ്കെടുക്കാം.<br>• ആർ.പിമാരെ നിയോഗിക്കാം | മുഴുവൻ കുട്ടികളും (1-10) | ജൂൺ-മാർച്ച് | PTA<br>SRG | 500/- each class 18000 |
| | <u>ഇംഗ്ലീഷ് ഫെസ്റ്റ്</u><br>• 3 മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ (ഒരു ദിവസം ഇതിനായി മാത്രം വിനിയോഗിക്കാം.)<br>• അസംബ്ലി ഇംഗ്ലീഷിൽ<br>• Essay Writing… choreography, Sotry telling, Skit (LP, UP, HS വിഭാഗത്തിന് പ്രത്യേകം പ്രത്യേകം) നോട്ടീസ്, സർട്ടിഫിക്കറ്റ്, സമ്മാനങ്ങൾ എന്നിവ ഉണ്ടാക്കണം<br>• ജനപ്രതിനിധികൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തണം. | മുഴുവൻ കുട്ടികളും (1-10)<br>(5-10) | ആഗസ്ത്<br>നവംബർ<br>ഫെബ്രുവരി | PTA<br>SRG | 2000/- |
| | <u>വർക്ക് ഷീറ്റ് നിർമ്മാണം (ഇംഗ്ലീഷ്)</u><br>• പഞ്ചായത്ത് /സ്കൂൾതലത്തിൽ അധ്യാപകരുടെ കൂട്ടായ്മ /ശില്പശാല | മുഴുവൻ കുട്ടികളും (1-10) | ഏപ്രിൽ മെയ് | PEC<br>PTA<br>SRG | 5000/- DTP & Printing |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | സംഘടിപ്പിക്കൽ LP/UP/HS<br>• പാഠഭാഗത്തിനനുസൃതമായി വർക്ക് ഷീറ്റുകളുടെ നിർമ്മാണം<br>• എഡിറ്റിംഗ്, പ്രിന്റിംഗ് വതരണം ചെയ്യൽ<br>• വർക്ക്ഷീറ്റുകൾ ഓരോ കുട്ടിക്കും കിട്ടാനുള്ള സാധ്യത ഉണ്ടായിരിക്കണം. | | | | |
| | <u>സിനിമ (ഇംഗ്ലീഷ്)</u><br>മികച്ച ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരമൊരുക്കൽ (സ്മാർട്ട് റൂം ഇതിനായി ഉപയോഗിക്കാം)<br>• മാസത്തിലൊരിക്കൽ<br>• കണ്ട സിനിമയെക്കുറിച്ച് ഇംഗ്ലീഷിലുള്ള അഭിപ്രായം രേഖപ്പെടുത്താം.<br>• ക്ലാസ് റൂം പ്രവർത്തനമായി ഇത് പറയൽ ചെയ്യാം. എല്ലാ കുട്ടികൾക്കും അഭിപ്രായം പറയാനുള്ള അവസരമൊരുക്കണം.<br>• കുട്ടികളുടെ നിലവാരത്തിനനുസരിച്ച് സിനിമകളോ, ഡോക്യുമെന്ററികളോ ആണ് പ്രദർശിപ്പിക്കേണ്ടത്. | 5-10 വരെയുള്ള കുട്ടികൾ | ജൂൺ - മാർച്ച് | SRG | |
| | <u>പുസ്തകവായന (ഇംഗ്ലീഷ്)</u><br>• കുട്ടിയുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ടാകണം.<br>• വായിച്ച പുസ്തകങ്ങളെപ്പറ്റി | 1-10 വരെയുള്ള കുട്ടികൾ | ജൂൺ - മാർച്ച് | SRG | |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | കുട്ടി കുറിപ്പ് ഇംഗ്ലീഷിൽ തയ്യാറാക്കണം, അവതരിപ്പിക്കണം.<br>• ഇംഗ്ലീഷ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ന്യൂസ് പേപ്പറുകൾ എന്നിവ ലൈബ്രറിയിൽ ഉണ്ടാകണം.<br>• ഇംഗ്ലീഷ് സാഹിത്യകാരന്മാരെ ആഴ്ചയിലൊരു ദിവസം അസംബ്ലിയിൽ പരിചയപ്പെടാം. | | | | |

## C. ഹിന്ദി ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | ഗുണഭോക്താവ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അവരുടെ പ്രായമനുസരിച്ച് ഹിന്ദി എഴുതാനും, വായിക്കാനും ശേഷി നേടുക | • ഹിന്ദി കേൾക്കാനുള്ള അവസരം സി.ഡി. വായനകാർഡ്, ഹിന്ദി അസംബ്ലി, വിട്ടുപോയ വാക്കു പൂരിപ്പിക്കൽ, കഥാപുരാണം, കവിതാ പൂരണം, ചിത്രകഥകൾക്ക് അടിക്കുറിപ്പ്, കഥ, ഹിന്ദി പബ്ലിക് സ്പീക്കിംഗ്, ടീച്ചർ നിർത്തിയിടത്തു നിന്ന് വായിക്കുക. | 5-10 വരെയുള്ള കുട്ടികൾ | വർഷം മുഴുവനും | അധ്യാപകൻ | PTA<br>SSA |
| ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുക | • വായന പരിപോഷിപ്പിക്കുന്നു. ഹിന്ദി പുസ്തകങ്ങൾ അധിക വായനക്കായി തെരഞ്ഞെടുത്തു നൽകുന്നു. സ്കിറ്റുകൾ. ചെറിയ ഡ്രാമകൾ ഇവ അവതരിപ്പി ക്കാൻ പരിശീലനം നൽകുന്നു. പാഠഭാഗങ്ങൾ ഡ്രാമയായി അവതരിപ്പിച്ച് ഹിന്ദി സംസാര ശേഷി വർദ്ധിപ്പിക്കുന്നു. | 5-ാം തരം മുതൽ 10-ാം തരം വരെ | | " | " |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | സംശയം ചോദിപ്പിക്കൽ, സംസാരിക്കൽ | | | | |
| രചന സിദ്ധി പരിപോഷിപ്പിക്കൽ | ഹിന്ദി കവിത, കഥ, കത്ത്, നോട്ടീസ്, ഉപന്യാസം ഇവ എഴുതാൻ പരിശീലനം. സ്വന്തം പ്രൊഫൈൽ തയ്യാറാക്കൽ സ്കൂളിനെകുറിച്ചും, എഴുതൽ, പാസേജ് വായിച്ച് ഉത്തരമെഴുതൽ, എഡിറ്റു ചെയ്യൽ, ഡയറി എഴുത്ത് | 5-ാം തരം മുതൽ പത്താം തരം വരെ | 1 വർഷം | H.M അധ്യാപകൻ | |
| | • ദിനാചരങ്ങളുമായി ബന്ധപ്പെട്ടതും പാഠഭാഗവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങളിൽ കുട്ടികൾ തയ്യാറാക്കുന്ന പോസ്റ്ററുകളുടെ നിർമ്മാണം<br>• ഗ്രൂപ്പ് / ക്ലാസ്തലം<br>• മികച്ചവയ്ക്ക് സമ്മാനം<br>• ക്ലാസിൽ എപ്പോഴും പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കണം | | ജൂൺ-മാർച്ച് | ക്ലാസ്/ വിദഗ്ധ അധ്യാപകൻ | 500 |

## D. ശാസ്ത്രപോഷണ പരിപാടി

ശാസ്ത്രപഠനം ക്രിയാത്മകമാകണമെങ്കിൽ കുട്ടികൾക്ക് ചെറുപരീക്ഷണങ്ങൾ നടത്താനും, മറ്റുള്ളവ നേരിട്ടു കാണുവാനും അവസരം ലഭിക്കുമാറ് സയൻസ് ലാബുകൾ ഉണ്ടായിരിക്കണം. രസതന്ത്രത്തിനും, ഊർജ്ജതന്ത്രത്തിനും ജീവശാസ്ത്രത്തിനും വെവ്വേറെ ലാബുകൾ വേണം. പ്രവർത്തനാധിഷ്ഠിത പഠനങ്ങൾ ഗണിതത്തിലും, സാമൂഹ്യശാസ്ത്രത്തിലും ധാരാളമുണ്ട്. കോണുകൾ തുടങ്ങി രൂപങ്ങൾ ഘനരൂപങ്ങൾ ത്രികോണമിതി വൃത്തങ്ങൾ പരപ്പളവ് തുടങ്ങി ക്രിയാത്മക പഠനങ്ങൾക്ക് സാധ്യതകൾ ഏറെയാണ്. ഈ രീതി അവലംബിക്കുന്നതു വഴി ഗണിതത്തിൽ കുട്ടികൾക്കുള്ള അരസികത്വം മാറിക്കിട്ടും. സാമൂഹ്യശാസ്ത്രത്തിലും



Scanned with OKEN Scanner

ചെറിയ ക്ലാസിനുള്ള രാവും, പകലും തുടങ്ങി നദികളും മലകളും സംസ്കാരങ്ങളും ഒക്കെ ലാബിന്റെ ആവശ്യം സൃഷ്ടിക്കുന്നു.

## നേട്ടം

ശാസ്ത്രവിഷയങ്ങളിൽ കുട്ടികൾക്ക് താല്പര്യമുണ്ട്. സ്കൂൾ ശാസ്ത്രോത്സവത്തിൽ യു.പി.തലത്തിലെ കുട്ടികളുടെ മികച്ച പങ്കാളിത്തമുണ്ടായിരുന്നു. ചെറു പരീക്ഷണങ്ങൾ മനസ്സിലാക്കുവാനും ഏറ്റെടുത്ത് ചെയ്യുവാനും കുട്ടികൾ മുന്നോട്ട് വന്നു. ഉപജില്ലാ ശാസ്ത്രമേളയിൽ സയൻസ്, സാമൂഹ്യ വിഷയങ്ങളിൽ മികച്ച പങ്കാളിത്തം. വർക്കിങ്ങ് മോഡലിന് എ ഗ്രേഡ്, അറ്റ്ലസ് മേക്കിങ്ങ് ബി ഗ്രേഡ് സെമിനാർ തയ്യാറാക്കുവാനായി സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ സ്വയം തിരഞ്ഞെടുക്കുവാനും അതുപയോഗിച്ച് സെമിനാർ നടത്തുവാനും അവർക്ക് കഴിഞ്ഞു. ഐ.സി.ടി. വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ട്. പരീക്ഷണ പ്രവർത്തനങ്ങൾക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങൾ ലഭ്യമാണ്. ഡിജിറ്റൽ സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് റൂം.

## പരിമിതികൾ

മതിയായ ക്ലാസ് റൂം സൗകര്യങ്ങളും ലാബ് സൗകര്യങ്ങളും ഇല്ല. അതിനാൽ മുഴുവൻ കുട്ടികളേയും നിശ്ചിത പഠനത്തിലെത്തിക്കാൻ സാധിക്കുന്നില്ല. മനോഭാവ മേഖലയിലും പ്രക്രിയശേഷിയിലും മികച്ച നിലവാരം നേടാൻ കഴിഞ്ഞിട്ടില്ല. മേൽ അവസ്ഥ മറികടക്കുന്നതിന് കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തണം. അന്വേഷാത്മക പഠനത്തിന്റെ സാധ്യതകൾ ക്ലാസ് റൂം വിനിമയത്തിൽ ഉൾചേർക്കാൻ കഴിയണം. ഇതിനായി മികച്ച ഐ.സി.ടി. വിഭവങ്ങളും, ലാബുകളും തയ്യാറാക്കേണ്ടതുണ്ട്. ചെറുക്ലാസ് മുതൽ ഉയർന്നതലം വരെയുള്ളവർക്ക് ഉത്തമമായ പരീക്ഷണ നിരീക്ഷണ സാമഗ്രികൾ ഒരുക്കേണ്ടതുണ്ട്.



Scanned with OKEN Scanner

സയൻസ്

| ലക്ഷ്യം | പ്രവർത്തനം | ഗുണഭോക്താവ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മികച്ച ലാബ് സൗകര്യം | അതാതു പാഠഭാഗവുമായി ബന്ധപ്പെട്ട കൊച്ചു കൊച്ചു പരീക്ഷണങ്ങൾ നടത്തുവാൻ അവസരമൊരുക്കുന്നു. | മുഴുവൻ കുട്ടികളും | 2 വർഷം | PWD | |
| ശാസ്ത്രത്തിൽ താത്പര്യം | ആധുനിക ശാസ്ത്രോപകര ണങ്ങൾ ഉപയോഗിക്കുവാൻ കഴിവു നേടുന്നു. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ഗൂഗിൾ മൈ മാപ്പ് ഉപയോഗിച്ച് സോഷ്യൽ സയൻസ് പഠനം. | എൽ.പി.,യു.പി., എച്ച്.എസ് | | അധ്യാപകർ | |
| ശാസ്ത്രബോ ധം വളർത്തുന്നു | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്രപഠനത്തിനായ ി ഉപയോഗിക്കുന്നു. ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുന്നു. ക്ലാസ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. ചോദ്യപ്പെട്ടി, ഉത്തരപ്പെട്ടി സൗകര്യങ്ങൾ ഒരുക്കുന്നു. ശാസ്ത്ര പ്രദർശനങ്ങൾ ലഘു പരീക്ഷണമൂല, ശാസ്ത്രോപകരണങ്ങ ൾ നിർമ്മാണം, ശാസ്ത്രമാഗസിൻ കുടിവെള്ള പരിശോധന ഭക്ഷ്യവസ്തുവിലെ മായം കണ്ടെത്തൽ, സോപ്പ്, ചന്ദനത്തിരി, ചോക്ക് നിർമ്മാണം, ശാസ്ത്രജ്ഞന്മാരുടെ ജന്മ ദിനാചരണങ്ങൾ മറ്റു ദിനാചരണങ്ങൾ പ്രകൃതി പഠനയാത്രകൾ പ്ലാസ്റ്റിക് ഉപയോഗം ഉപേക്ഷിക്കൽ കൃഷി സാധ്യത തിരിച്ചറിയൽ പതിപ്പു നിർമ്മാണം | എൽ.പി., യു.പി. എച്ച്.എസ്. | | | |



Scanned with OKEN Scanner
Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | വൈവിധ്യ പാർക്ക് നിർമ്മിക്കുന്നു. ശാസ്ത്രക്വിസ് മാഗസിൻ നിർമ്മാണം, ആൽബം നിർമ്മാണം അറ്റ്ലസ് നിർമ്മാണം തുടങ്ങിയവ | | | | |
| | സഹവാസക്യാമ്പ് (2 ദിവസം)<br>• എൽ.പി./യു.പി/എച്ച്.എസ് വിഭാഗക്കാർക്ക് പ്രത്യേകം<br>• പരീക്ഷണം, നിർമ്മാണം, ഫീൽഡ് ട്രിപ്പ്, ശാസ്ത്ര വീഡിയോ പ്രദർശനം, അഭിമുഖങ്ങൾ, സംവാദങ്ങൾ ചർച്ചകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം<br>• എസ്.ആർ.ജി. കൂടി കാര്യങ്ങൾ വിശദമായി ആസൂത്രണം ചെയ്യണം.<br>• രാത്രി വാനനിരീക്ഷണത്തിനുള്ള സൗകര്യം ഒരുക്കണം<br>• സാധനസാമഗ്രികൾ എന്നിവ മുൻകൂട്ടി ഒരുക്കണം | എൽ.പി.<br>യു.പി<br>എച്ച്.എസ്. | ജനുവരി | PTA<br>SRG | 5000 |
| ഭൂമിശാസ്ത്ര പഠനം അനുഭവങ്ങളിലൂടെ | • സാമൂഹ്യശാസ്ത്ര അധ്യാപകർ നേതൃത്വം നൽകണം (ആർ.പിമാരെ ഉപയോഗപ്പെടുത്താം)<br>• എൽ.പി/എച്ച്.എസ് കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം<br>• ഗ്ലോബ് നിർമ്മാണം<br>• അറ്റ്ലസ് നിർമ്മാണം | എൽ.പി<br>യു.പി<br>എച്ച്.എസ് | | | |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | • ത്രിമാന മാതൃകകൾ ഫീൽഡ് ക്രാഫ്റ്റ്<br>• സാധന സാമഗ്രികൾ മുൻകൂട്ടി ഒരുക്കണം<br>• വിശദമായ പ്ലാനിംഗ് എസ്.ആർ.ജി യിൽ ഉണ്ടാകണം. | | | | |

<u>സാമൂഹിക ശാസ്ത്രലാബ് (മൂല)</u>

- ദിനാചരണങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ചാർട്ട് ഭൂപടങ്ങൾ അറ്റ്ലസ്, ഗ്ലോബ് എന്നിവ ശേഖരിച്ച് ക്രമീകരിച്ച് വയ്ക്കുന്നു.
- ഭരണഘടനയുടെ ആമുഖം തയ്യാറാക്കി പ്രദർശിപ്പിക്കുക.
- എൽ.പി., യു.പി, എച്ച്.എസ് വിഭാഗം വിദ്യാർത്ഥികൾക്ക് പാഠപുസ്തകത്തിൽ നിന്നും ലഭിക്കുന്ന അറിവിന് പുറമെ കൂടുതൽ ആശയങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.
- ഭരണഘടനയെ കുറിച്ച് കൂടുതൽ അറിയാനുള്ള ജിജ്ഞാസ ഉളവാക്കുക.



Scanned with OKEN Scanner

Scanned with OKEN Scanner

## E. ഗണിതം

**നേട്ടം**

കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യമുണ്ട്. ഗണിതത്തെ മാറ്റി നിർത്തുന്ന പ്രവണത തുലോം കുറവാണ്. ഉപജില്ലാ ശാസ്ത്രോത്സവത്തിൽ നമ്പർ ചാർട്ട് പസിൽ തുടങ്ങിയവയിൽ മോശമല്ലാത്ത പ്രകടനം കാഴ്ചവെച്ചു പ്രവൃത്തി പരിചയമേളയിൽ ത്രഡ് പാറ്റേൺ നിർമ്മാണം ഗണിത പാറ്റേൺ ഉപയോഗിച്ച് മികച്ചതാക്കി.

**പോരായ്മ**

എല്ലാ കുട്ടികളിലും പഠനനേട്ടം ഒരുപോലെ എത്തിക്കാൻ സാധിച്ചിട്ടില്ല. ഐ.സി.ടി. വിഭവങ്ങൾ ഉപയോഗിച്ചിട്ടുള്ള ക്ലാസ് ലഭ്യമല്ല. ഗണിതലാബ് ഇല്ല. ഗണിത ഉപകരണങ്ങളുടെ പരിമിതി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | കാലം | ചുമതല | |
|---|---|---|---|---|---|
| ഗണിതാഭിരുചി വളർത്തുക | അബാക്കസ് ഉപയോഗം, ഗുണന പട്ടിക ചാർട്ട്, വർക്ക് ഷീറ്റുകൾ ചിത്രങ്ങൾ, ഗണിത ഗെയിംസ് പസിൽ ക്ലബ് പ്രവർത്തനം, ചോദ്യപ്പെട്ടി ഉത്തരപ്പെട്ടി ഐ.സി.ടി സാധ്യതകളുടെ ഉപയോഗം വ്യത്യസ്ത നിലവാരം അനുസരിച്ച് പ്രശ്നങ്ങൾ നൽകൽ വിവിധ ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ ഗണിത ഭൂപട നിർമ്മാണ പ്രവർത്തനങ്ങളിലൂടെ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തൽ, ഗണിത ക്വിസ് | LP<br>UP<br>HS. | 2 വർഷം | അധ്യാപകർ | |
| ഗണിതപഠനം അനായാസകരമാക്കൽ | <u>ഗണിതലാബ് നവീകരണം</u><br>എൽ.പി, യു.പി, എച്ച്.എസ് വിഭാഗങ്ങളിലേക്ക് ആവശ്യമായ പഠനോപകരണങ്ങളോടു കൂടി ഗണിതലാബ്<br>• അധ്യാപകർ ശില്പശാലയിലൂടെ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. (എൽ.പി, യു.പി, എച്ച്.എസ്. വിഭാഗങ്ങൾ)<br>• വിദഗ്ധരുടെ സഹായം തേടാം | LP<br>UP<br>HS. | മെയ്<br>ജൂൺ<br>ജൂൺ – മാർച്ച് | PTA<br>SRG | 10000/– സാധന സാമഗ്രികൾ |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | • ശനിയാഴ്ച ഇതിനായ് വിനിയോഗിക്കാം<br>• പഠനോപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാകും വിധം ക്ലാസ് റൂമിൽ സെറ്റ് ചെയ്യുന്നു.<br>• ഇത് ഉപയോഗിച്ച് ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>• പഠനോപകരണ നിർമ്മാണത്തിൽ രക്ഷിതാക്കളുടെ സേവനം ഉപയോഗപ്പെടുത്താം | | | | |
| | ഗണിതക്യാമ്പുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിതം രസകരമായി കൈകാര്യം ചെയ്യുന്നതിന് അവസരം ലഭിക്കുന്നു.<br>• രണ്ട് ദിവസം ഇതിനായി തെരഞ്ഞെടുക്കാം (സ്കൂൾ അവധി ദിവസങ്ങൾ)<br>• മൂലകളായി സജ്ജീകരിക്കണം. ഉദാ: ജ്യോമട്രി മൂല, ചന്ത രാംഗോലി, മെട്രിക് മൂല ഒറിഗാമി)<br>• പിന്നാക്കം നിൽക്കുന്ന 50 പേരെ ഇതിൽ ഉൾപ്പെടുത്താം.<br>• എൽ.പി., യു.പി, എച്ച്.എസ്. വിഭാഗക്കാർക്ക് പ്രത്യേകം മൂലകൾ ഒരുക്കേണ്ടതുണ്ട്.<br>• എല്ലാവർക്കും എല്ലാ പ്രവർത്തനങ്ങൾ ചെയ്യാനും അവസരമൊരുക്കേണ്ടതുണ്ട്. | LP<br>UP<br>HS. | ജനുവരി | PT<br>SRG | 3000/-<br>സാധന സാമഗ്രികൾ |
| | ഗണിതനാടകം<br>എൽ.പി/യു.പി/എച്ച്.എസ്. വിഭാഗത്തിന് പ്രത്യേകം<br>• സ്ക്രിപ്റ്റുകൾ തയ്യാറാക്കൽ (ക്ലാസ് തലത്തിൽ) എഡിറ്റിംഗ് മെച്ചപ്പെടുത്തൽ<br>• അവതരണം ക്ലാസ്/ സ്കൂൾ തലം<br>• വേഷവിധാനങ്ങൾ ഉപയോഗപ്പെടുത്താം<br>• ജനപ്രതിനിധികൾ, | LP<br>UP<br>HS. | ജനുവരി | SRG | 500/- |



Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | രക്ഷിതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ അവതരണം | | | | |
| ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ | ശാസ്ത്രലൈബ്രറി ശാസ്ത്രപുസ്തകങ്ങൾ റഫറൻസ് പുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കൽ<br>• പുസ്തകം വാങ്ങുന്നതിന് സ്പോൺസർമാരെ കണ്ടെത്തണം. | UP HS. | ജൂൺ | SRG | |

ഗണിതം

| ലക്ഷ്യം/ പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | ഗുണഭോക്താവ് |
|---|---|---|---|---|---|
| ശിശുസൗഹൃദ പഠനാന്തരീക്ഷം സൃഷ്ടിക്കൽ | • ഉല്ലാസഗണിതം<br>• പഠനസാമഗ്രികൾ, ക്ലാസ് മുറികളിൽ സജ്ജമാക്കൽ<br>• അവയുടെ ഫലപ്രദമായ ഉപയോഗം | 2024-25 | 1000 | BRC | 1-4 വരെ |
| എല്ലാവർക്കും അടിസ്ഥാന ശേഷി ഉറപ്പിക്കൽ | • അസംബ്ലിയിൽ ഒരു ഗണിത ക്വിസ്<br>• ബാലസഭകളിൽ ഗണിത ക്രിയകൾ ഉൾപ്പെടുത്തുക | 2024-25 | 2000 | PTA & Teachers | എല്ലാ കുട്ടികളും |
| ഗണിത താത്പര്യം വർദ്ധിപ്പിക്കാൻ | • ഗണിത പസിലുകൾ പ്രദർശനം<br>• മാജിക് (ഗണിതം) ക്ലാസുകൾ<br>• ജ്യോമെട്രിക് ചാർട്ട് പ്രദർശനം<br>• മാന്ത്രിക ചതുരം നിർമ്മാണം<br>• ഗണിതോത്സവം | 2024-25 | 5000 | BRC PTA | എല്ലാ കുട്ടികളും |

Scanned with OKEN Scanner

Scanned with OKEN Scanner

പരിസരപഠനം & ജി.കെ

| ലക്ഷ്യം/ പ്രശ്നം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | ഗുണഭോക്താവ് |
|---|---|---|---|---|---|
| പാഠ്യപദ്ധതിയിലെ മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | • പ്രകൃതി നിരീക്ഷണം, നടത്തം, വിശകലനം, എന്നിവയ്ക്കുള്ള അവസരം | 2024-25 | 5000 | PTA | മുഴുവൻ കുട്ടികളും |
| ശാസ്ത്രീയ മനോഭാവം വളർത്തൽ | • ഏവർക്കും പരീക്ഷണം ചെയ്യാനും കാണാനും ഉള്ള അവസരം<br>• ശാസ്ത്ര ദിനങ്ങളിൽ കൃത്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തൽ<br>• ശാസ്ത്ര ലാബ്, ശാസ്ത്ര മാഗസിൻ | 2024-25 | 10000 | BRC<br>PTA<br>Staffs | മുഴുവൻ കുട്ടികളും |
| പൊതു വിജ്ഞാനം വളർത്തൽ | • അസംബ്ലിയിൽ പൊതുവിജ്ഞാന ചോദ്യപയറ്റ്<br>• ഉത്തരപ്പെട്ടി<br>• ദിനാചരണങ്ങൾ<br>• മാസാവസാന ക്വിസ് | 2024-25 | 5000 | PTA | മുഴുവൻ കുട്ടികളും |

Scanned with OKEN Scanner
Scanned with OKEN Scanner

# വിവരസാങ്കേതിക വിദ്യ - സാധ്യതകൾ പരിപോഷിപ്പിക്കുക

## നേട്ടങ്ങൾ

വിദ്യാലയത്തിന് ചെറുതെങ്കിലും ആകർഷകമായ, IT@ സ്കൂളിന്റെ പ്രശംസ ലഭിച്ച നല്ലൊരു IT ലാബുണ്ട്. ചെറിയ ഹാർഡ് വെയർ പ്രശ്നങ്ങൾ പരിഹരിക്കാനറിയുന്ന 8, 9 ക്ലാസുകളിലെ കുട്ടിക്കൂട്ടമുണ്ട്. എം.പി.യുടെ ഫണ്ടുപയോഗിച്ച് ലഭ്യമാക്കിയ ആധുനിക സൗകര്യങ്ങളോടു കൂടിയ ഡിജിറ്റൽ സ്മാർട്ട് റൂം ഉണ്ട്. 8,9,10 ക്ലാസുകളെ ഹൈടെക് ആക്കാനുള്ള ഉപകരണങ്ങൾ IT@ സ്കൂൾ തന്നു കഴിഞ്ഞു. എൽ.പി., യു.പി വിഭാഗത്തിന് പ്രൊജക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

## പരിമിതികൾ

ഒന്നിലധികം ക്ലാസുകൾ സ്മാർട്ട് റൂമിൽ ഉൾക്കൊള്ളാൻ സൗകര്യമില്ല. ഇതിന് സംവിധാനങ്ങൾ എൽ.പി., യു.പി.ക്ലാസ് മുറികളിൽ ഒതുക്കേണ്ടതുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| IT സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം എളുപ്പമാക്കുക | ICT സാധ്യതകൾ പരമാവധി ഉപയോഗിച്ചുള്ള ക്ലാസ് റൂം പഠനത്തിന് വഴിയൊരുക്കും. വിവിധ ബ്ലോഗുകളിൽ ലഭ്യമായ പഠന പ്രവർത്തനങ്ങൾ, നിർമ്മിതികൾ, സംഭാഷണങ്ങൾ, നാടക ശില്പശാലകൾ, ആനിമേഷൻ ക്ലാസുകൾ, മോട്ടിവേഷൻ ക്ലാസുകൾ ഇവ ഉപയോഗിക്കും. മുതിർന്ന കുട്ടികളുടെ സഹായത്താൽ എൽ.പി., യു.പി. വിദ്യാർത്ഥികൾക്കും IT പഠനം സാധ്യമാക്കും. ചെറിയ കുട്ടികൾക്ക് ഗെയിമുകൾ, ചിത്രരചന ഇവ സാധ്യമാക്കുക വഴി കൈ വേഗതയും ചിന്താശേഷിയും ഉയർത്തുക | LP UP HS. | ജൂൺ മുതൽ വർഷം മുഴുവനും | SITC, ISITC, HM, Teachers | PTA |

## F. കായികവികസനം

കുട്ടികളിലെ കായികക്ഷമത വികസിപ്പിച്ചാൽ മാത്രമേ അവരെ ചിന്തിക്കാനും പ്രശ്നങ്ങളെ പക്വമായ മനസ്സോടെ നേരിടാനും നേതൃപാടവം കൈവരിക്കാനുമൊക്കെ സാധ്യമാക്കുന്ന രീതിയിൽ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ കായിക പഠനത്തിന് പ്രസക്തിയുണ്ട്.

**നേട്ടങ്ങൾ**

ഉപജില്ലാ കായികമേളയിലും ജില്ലാ കായിക മേളയിലും കുട്ടികൾ പ്രാതിനിധ്യം പുലർത്തി ഉപജില്ലാ കായിക മേളയിൽ രണ്ട് വിദ്യാർത്ഥികൾക്ക് ചാമ്പ്യൻഷിപ്പ് നേടാൻ സാധിച്ചു. ജില്ലാ കബഡി മത്സരത്തിലും ഫുട്ബോൾ മത്സരത്തിലും ഇവിടത്തെ കുട്ടികൾ മാറ്റുരച്ചും പരിസരപ്രദേശത്തെ ഫുട്ബോൾ ടീമിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾ ഇവിടെ ഉണ്ട്. RMSA നൽകിയ സ്പോർട്ട് കിറ്റ് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്.

**പരിമിതികൾ**

കുട്ടികൾക്ക് കളിക്കാൻ സ്കൂളിന് കളിസ്ഥലമില്ല. എൽ.പി. ക്ലാസുകാർക്ക് കളിയുപകരണങ്ങളോ പാർക്കോ ഇല്ല.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമത ഉറപ്പുവരുത്തുക. അങ്ങനെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക<br><br>സംസ്ഥാന ദേശീയ നിലവാരം പുലർത്തുന്ന വിധത്തിൽ കളിക്കാരെ സൃഷ്ടിക്കുക. | LP ക്ലാസുകാർക്ക് കളി ഉപകരണങ്ങൾ സാധ്യമാക്കുക. കളിയിലൂടെ പഠനം നടപ്പിൽ വരുത്തുക. ഫുട്ബോൾ, വോളിബോൾ, കബഡി, അത്‌ലറ്റിക്സ് എന്നിയിനങ്ങളിൽ പരിശീലനം ഉറപ്പു വരുത്തുക<br>• കരാട്ടെ പരിശീലനം നടപ്പാക്കുക. സ്കൂളിന് കളിസ്ഥലം ലഭ്യമാക്കുക<br>• യോഗ പരിശീലനം നൽകുക<br>• ആരോഗ്യസംരക്ഷണം ഉറപ്പിക്കാനായി മെഡിക്കൽ ക്യാമ്പ് നടത്തുക | LP<br>UP<br>HS. | | | |



Scanned with OKEN Scanner

**G. പ്രവൃത്തി പഠനം മികച്ചതാകുന്നതിന് വേണ്ടി വിദ്യാലയത്തിൽ ഒരുക്കേണ്ട ഭൗതികവും ക്രിയാത്മകവുമായ സാഹചര്യങ്ങൾ**

- എല്ലാ വിദ്യാർത്ഥികൾക്കും ക്രാഫ്റ്റ് വർക്കുകൾ ചെയ്യുന്നതിന് വേണ്ടി .... സാധ്യതയോടു കൂടിയുള്ള ടാലന്റ് ലാബ് ഒരുക്കുകയും പുതിയ വർക്കുകൾ കണ്ടെത്തി ചെയ്യുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക.
- കുട്ടികൾക്ക് അവരുടെ വർക്കുകൾ സൂക്ഷിക്കുവാനും പ്രവർത്തനങ്ങൾ ചെയ്യുവാനാവശ്യമായ അടച്ചുറപ്പുള്ള മുറി ലഭ്യമാക്കുക. (വർക്ക്ഷോപ്പ് റൂം)
- IED കുട്ടികൾക്കും, രക്ഷിതാക്കൾക്കും പ്രത്യേക ക്രാഫ്റ്റ് ക്ലാസുകൾ സംഘടിപ്പിക്കുക.
- തൊഴിൽരഹിതരായ അമ്മമാർക്കു വേണ്ടി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.
- കുട്ടികൾക്ക് തൊഴിൽശാലകൾ സന്ദർശിക്കാനുള്ള അവസരം ഒരുക്കുകയും, പരമ്പരാഗത തൊഴിൽ ചെയ്യുന്നവരെ സന്ദർശിക്കൽ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ എന്നിവ ആവശ്യമാണ്.
- Learn & Earn നു ആവശ്യമായ പ്രവർത്തനങ്ങൾക്ക് സൗകര്യം ലഭ്യമാക്കുക.

| പ്രവർത്തിപഠനം (ക്ലാസ് 5–10) | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | കാലാവധി | | ഭൗതികം | ചുമതല | സാമ്പത്തികം |
| 1. | കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ഒറിഗാമി വർക്കുകൾ പേപ്പർ ക്രാഫ്റ്റ് ഫ്ളവേർസ്, ബൊക്കെ നിർമ്മാണം വേസ്റ്റ് മെറ്റീരിയൽസ് പ്രൊഡക്ട്സ് | ജൂൺ – ആഗസ്റ്റ് (3 മാസം ഹ്രസ്വം | LP UP HS | ചാർട്ട് വിവിധതരത്തിലുള്ള കളർ പേപ്പർ ഉപയോഗ ശൂന്യമായ വസ്തുക്കളുടെ ശേഖരണം | HM PTA Club | SSA BRC PTA |
| 2. | പ്രവൃത്തിപരിചയ ക്ലബ് രൂപീകരണവും ഉദ്ഘാടനവും | എല്ലാ വിദ്യാർത്ഥികളുടെയും കഴിവ് തെളിയിക്കുന്നതിനുള്ള | ആഗസ്ത് – നവംബർ (4 മാസം) | LP UP HS | സ്മാർട്ട് ക്ലാസ് മത്സരങ്ങൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ സാമഗ്രികൾ | HM PTA Club | SSA BRC PTA |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | വിവിധ മത്സരങ്ങൾ, ക്ലാസുകൾ തുടങ്ങിയവ ചെയ്യൽ Eg : Teddy bear & Pouch making class food competition , salad competition , painting embroidery. . etc.. | | | തുടങ്ങിയവ തയ്യാറാക്കൽ | | |
| 3. | ശുചിത്വ പ്രവർത്തനങ്ങളിൽ സജ്ജമാക്കൽ | ശുചിത്വ ക്ലാസുകൾ സംഘടിപ്പി ക്കുക ശുചിത്വ ബോർഡുക ൾ സ്ഥാപിക്കു ന്നതിനുള്ള പ്രവർത്തന ങ്ങളിൽ ഏർപ്പെടുക. ശുചീകരണ വസ്തുക്കൾ നിർമ്മിക്കുക. ഉദാ : പൊടിതട്ടി, ബാസ്ക്കറ്റ്, ഡസ്റ്റർ… ശുചിത്വ റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ - മാർച്ച് ദീർഘം 12 months / 3 years | LP UP HS | നിർമ്മാണത്തി നാവശ്യമായ സാധന സാമഗ്രികൾ ശേഖരിക്കുക. | HM PTA Club | SSA BRC PTA |
| 4. | വിനോദ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | പൂന്തോട്ടത്തി ന് ആവശ്യമായ ചെറിയ ചെടികൾ വച്ചുപിടിപ്പി ക്കുകയും പരിപാലിക്കു | ജൂൺ - മാർച്ച് | LP UP HS | ചെടികൾ, പൂ പാത്രങ്ങൾ തുടങ്ങിയവ സജ്ജമാക്കൽ, വിത്തുകൾ സ്ഥലം തുടങ്ങിയവ കണ്ടെത്തൽ | HM PTA Club | SSA BRC PTA |



Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | കയും ചെയ്യുക. പച്ചക്കറി തോട്ടനിർമ്മാണത്തിൽ ഏർപ്പെടുക. | | | | | |
| 5. | ശില്പശാലകൾ സംഘടിപ്പിക്കൽ | ടാലന്റ് ആയ കുട്ടികൾക്ക് ആവശ്യമായ വിദഗ്ധരുടെ പരിശീലനങ്ങൾ ലഭ്യമാക്കൽ, ഫയൽ, ചവിട്ടി, ചോക്ക്.... പരിശീലനം | ജനുവരി - മാർച്ച് | UP<br>HS | ICT, CD പ്രദർശന സാധന സാമഗ്രികളുടെ ശേഖരണം | HM<br>PTA<br>Club | SSA<br>BRC<br>PTA |
| 6. | സമൂഹവും വിദ്യാലയവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ശില്പശാലകൾ പ്രദർശനങ്ങൾ നടത്തൽ | സോപ്പു നിർമ്മാണം, സോപ്പുപൊടി നിർമ്മാണം, കുട നിർമ്മാണം എന്നിവയിൽ പരിശീലനം അവരും കുട്ടികളും ചെയ്ത എല്ലാ പ്രവർത്തനങ്ങളുടെയും പ്രദർശനവും വില്പനയും നടത്തുന്നു. സമ്പാദ്യശീലം കുട്ടികളെ വളർത്തുക. | ഫെബ്രുവരി - മാർച്ച് | UP<br>HS | പ്രദർശനത്തിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കൽ, രക്ഷിതാക്കളെ ക്ഷണിക്കൽ | HM<br>PTA<br>Club | SSA<br>BRC<br>PTA |



Scanned with OKEN Scanner

Scanned with OKEN Scanner

## H. പി.ടി.എ. ശാക്തീകരണം

ഒരു വിദ്യാലയത്തെ മികവിന്റെ പാതയിലെത്തിക്കുന്നത് ഭൗതികവും അക്കാദമികവുമായ സാഹചര്യങ്ങളുടെ സാധ്യതകളും, സൗകര്യങ്ങളും അർപ്പണബോധമുള്ള കുട്ടികളുടെ ജീവിതപശ്ചാത്തലം അറിഞ്ഞുള്ള അധ്യാപകരുടെ തനതായ പ്രവർത്തനങ്ങളാണെങ്കിലും അത് പൂർണ്ണമായും സാക്ഷാത്കരിക്കണമെങ്കിൽ രക്ഷിതാക്കളുടെ ശക്തമായ കൈത്താങ്ങും സ്ഥിരമായ നിരീക്ഷണങ്ങളും അധ്യാപകരുമായുള്ള ആശയവിനിമയവും ആവശ്യമാണ്.

<u>നേട്ടം</u>

വിദ്യാലയത്തിലെ പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പഠന പഠനേതര മേഖലയിലെ ഏതു പ്രശ്നങ്ങൾക്കും കൈത്താങ്ങായി കൂടെ ഉണ്ട്. സ്കൂളിൽ ദിനാചരണങ്ങൾ, ഓണം, കലോത്സവങ്ങൾ, കായികമേള, വാർഷികം, വാക്സിനേഷൻ, ഡേ പഠനയാത്ര ഗൃഹസന്ദർശനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലും ഈ അംഗങ്ങളുടെ സജീവസാന്നിധ്യമുണ്ട്.

**<u>പരിമിതി</u>**

വിദ്യാലയത്തിന്റെ 46 ശതമാനം ഗോത്രവിഭാഗത്തിൽ നിന്നുള്ള കുട്ടികളാണ്. ഇവരിൽ വളരെ ചെറിയ ശതമാനം കുട്ടികളുടെ രക്ഷിതാക്കൾ മാത്രമേ കുട്ടികളുടെ പഠന പഠനേതര മേഖലകളിൽ ശ്രദ്ധ പുലർത്തുന്നുള്ളു. കുട്ടികൾക്കായി എസ്.ടി. വകുപ്പിന്റെ ഗോത്രസാരഥി വാഹന സൗകര്യം ലഭ്യമാണെങ്കിൽ സ്കൂളിലെത്താൻ സ്ഥിരോത്സാഹം കാണിക്കാത്ത കുട്ടികൾ ധാരാളം ഉണ്ട്. ഇവരെ നിർബന്ധപൂർവ്വം സ്കൂളിലേക്കയക്കാൻ രക്ഷിതാക്കൾ സന്നദ്ധരാവുകയോ അഥവാ ഇവർ സ്കൂളിൽ വരാത്തത് ശ്രദ്ധയിൽപ്പെടുകയോ ചെയ്യുന്നില്ല. ഫോൺ മുഖേനയും ഗൃഹസന്ദർശനവും മാതാപിതാക്കളുമായി സമ്പർക്കത്തിന് സാധ്യത നൽകുന്നില്ല. ഫലത്തിൽ കുട്ടികൾ വീട്ടിലിരിക്കുകയോ ചെയ്യുന്നത് ഈ മാതാപിതാക്കൾ അറിയുന്നില്ല.



Scanned with OKEN Scanner
Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പി.ടി.എ. ശാക്തീകരണം സ്കൂളിൽ രക്ഷാകർത്താക്കളുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുക. | രക്ഷാകർത്തൃ സൗഹൃദ ക്ലാസ്സുകൾ സംഘടിപ്പിക്കുക. കുട്ടികളുടെ പഠനനേട്ടങ്ങൾ കുട്ടികളെ അറിയിക്കാനായി പ്രദർശിപ്പിക്കുക. ഓരോ വിഷയത്തിലുമുള്ള കുട്ടികളുടെ നേട്ടവും പരിമിതിയും സൗഹൃദമായി രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. | മുഴുവൻ രക്ഷിതാക്കൾ കുട്ടികൾ | 1 വർഷം | പഞ്ചായത്ത് | |
| രക്ഷിതാവിന്റെ അറിവ് വളർത്തുക | രക്ഷിതാക്കൾക്ക് ബോധവത്കരണം നടത്തുക. വായനാ സാമഗ്രികൾ നൽകുക. കവിത, കഥാരചനകൾ, രക്ഷിതാക്കൾക്ക് പാചകമത്സരങ്ങൾ സംഘടിപ്പിക്കുക. സ്വയം തൊഴിൽ പഠനം ഏർപ്പെടുത്തുക. (കുട, ചവിട്ടി, ആഭരണം) മികച്ച ശ്രദ്ധ നൽകുന്ന അമ്മ, അച്ഛൻ, സമ്മാനങ്ങൾ നൽകുക. | മുഴുവൻ രക്ഷിതാക്കളും കുട്ടികളും | 1 വർഷം | പഞ്ചായത്ത് | |
| എസ്.ടി. വിഭാഗം രക്ഷിതാക്കൾക്ക് ബോധവത്ക്കരണം | കുട്ടികളുടെ വ്യക്തിവികസനത്തിന് അച്ഛനമ്മമാർ നയിക്കേണ്ട ജീവിതരീതിയെ കുറിച്ചും അവർ നൽകേണ്ട പ്രോത്സാഹനത്തെ കുറിച്ചും, അവർ നൽകേണ്ട പ്രോത്സാഹനത്തെ കുറിച്ചും ബോധവത്കരണ ക്ലാസ് | | 1 വർഷം | എസ്.ടി. ഡിപ്പാർട്ട്മെന്റ് അധ്യാപകർ | |

Scanned with OKEN Scanner
Scanned with OKEN Scanner

## അക്കാദമിക മികവ് കൈവരിക്കാനായി മെച്ചപ്പെടുത്തേണ്ട ഭൗതികമായ സാഹചര്യങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, ലക്ഷ്യം | പ്രവർത്തനങ്ങൾ | | സമയം | ചിലവ് | ചുമതല |
|---|---|---|---|---|---|---|
| 1. | പൊതു ഹാൾ | | | 1 വർഷം | | ജില്ലാ പഞ്ചായത്ത് |
| 2. | വാട്ടർ പ്യൂരിഫയർ | പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം ഇവയുടെ വിതരണം ഏറ്റവും ഭംഗിയായി നടത്തുക. ശുദ്ധമായ കുടിവെള്ളം | സ്കൂളിലെ മുഴുവൻ കുട്ടികളും | 3 വർഷം | | ജില്ലാ പഞ്ചായത്ത് |
| 3. | അസംബ്ലി പന്തൽ നിർമ്മിക്കൽ | കുട്ടികൾക്ക് അസംബ്ലിയിൽ വെയിൽ കൊള്ളാതെ പങ്കെടുക്കാൻ | അധ്യാപകരും കുട്ടികളും | 5 വർഷം | | എം.എൽ.എ |
| 4. | പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ വിജയം | 2 മുതൽ 9 വരെ ക്ലാസുകളിലെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ അധികപഠന ക്ലാസ് നൽകൽ, എൽ.പി. എല്ലാവർക്കും പ്രഭാത ഭക്ഷണം | പഠന പിന്നോക്ക വിഭാഗക്കാർ | 2 വർഷം | | SSA ഗ്രാമപഞ്ചായത്ത് അധ്യാപകർ |
| 5. | എൽ.പി., യു.പി. ക്ലാസ്സുകളിൽ ചുമരിൽ ചിത്രം വരയ്ക്കൽ | ശിശുകേന്ദ്രീകൃത ക്ലാസ്സ് റൂം സ്മാർട്ട് ക്ലാസ്സ് റൂം, ഫ്രണ്ട്‌ലി ക്ലാസ്സ് റൂം, കുട്ടികളെ ആകർഷിക്കാനും, ചിന്തിപ്പിക്കുവാനും | വിദ്യാർത്ഥികൾ | 2 വർഷം | | SSA |



Scanned with OKEN Scanner
Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| 6. | കളിസ്ഥലം ലഭ്യമാക്കൽ, ചിൽഡ്രൻസ് പാർക്ക് നിർമ്മാണം, കായികോപകരണങ്ങൾ വാങ്ങൽ, കായികാധ്യാപകനെ നിയമിക്കൽ | കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കൽ | LP<br>UP<br>HS | 2 വർഷം | 5 ലക്ഷം | MLA ST departments RMSA |

## ലൈബ്രറി ശാക്തീകരണം

**ലക്ഷ്യം**

വിവിധ സാഹിത്യ വിഭാഗങ്ങൾ പരിചയപ്പെടുത്തൽ

**പ്രവർത്തനം**

ലൈബ്രറിയിൽ ആവശ്യത്തിനുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു. പുസ്തകങ്ങൾ കവിത, നാടകം, ജീവചരിത്രം, യാത്രാകുറിപ്പുകൾ, ചെറുകഥകൾ, നോവലുകൾ, ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ്, ഹിന്ദി എന്നിങ്ങനെ ക്രമീകരിക്കുന്നു. കാറ്റലോഗ് തയ്യാറാക്കുന്നു. വിതരണ രജിസ്റ്റർ മെച്ചപ്പെടുത്തുന്നു. കുട്ടി ലൈബ്രേറിയന്മാരെ പരിശീലിപ്പിച്ചെടുക്കുന്നു. ജന്മദിനത്തിൽ ഒരു ലൈബ്രറി സ്കൂളിന് നൽകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. ഇവിടെ ക്ലാസ് ലൈബ്രറി രൂപീകരിച്ചിട്ടുണ്ട്. ഇത് കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

**കാലം**

ഒരുക്കം, അവധിക്കാലം, പിന്നീട് ജൂൺ

**ചുമതല**

എച്ച്.എം., ലൈബ്രറി ചുമതലയുള്ള അധ്യാപകർ



Scanned with OKEN Scanner

# സ്കൂൾ പാർലിമെന്റ്

**ലക്ഷ്യം**

ജനാധിപത്യ ഭരണസംവിധാനം പരിചയപ്പെടുത്തൽ, പൗരാവകാശം, കടമ ഇവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ.

**പ്രവർത്തനങ്ങൾ**

നിയമസഭ, ലോകസഭ ഇലക്ഷൻ രീതിയിൽ നാമനിർദ്ദേശം, പ്രകടന പത്രിക, വോട്ടേഴ്സ് ഐ.ഡി. പോളിങ്ങ് ഉദ്യോഗസ്ഥർ എന്നിവ ഉൾപ്പെടുത്തികൊണ്ട് ഇലക്ഷൻ, തുടർന്ന് വിവിധ വകുപ്പുകൾ നിശ്ചയിക്കുന്നു. അവയ്ക്ക് ലീഡർമാർ നിയമിക്കുന്നു. സത്യപ്രതിജ്ഞ തുടങ്ങിയവ നടത്തുന്നു. ഇടവേളകളിൽ മോക് പാർലമെന്റ് സംഘടിപ്പിക്കുന്നു. പാർലമെന്റ് തീരുമാനങ്ങൾ നോട്ടീസ് ബോർഡിൽ ഇടുന്നു. ക്ലാസിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും തീർപ്പു കല്പിക്കാനും ക്ലാസ് സഭ നടത്തുന്നു.

**കാലം**

ഇലക്ഷൻ വർഷത്തിൽ ഒന്ന്, സമ്മേളനം 2 തവണ

**ചുമതല**

എസ്.ആർ.ജി. അധ്യാപകർ

**സാമ്പത്തികം**

പി.ടി.എ



Scanned with OKEN Scanner

## ലഹരിക്കെതിരെ

**ലക്ഷ്യം**

സമൂഹത്തിൽ നിന്നും ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുക.

**പ്രവർത്തനങ്ങൾ**

ലഹരി ഉപയോഗത്തിനെതിരെ പോസ്റ്റർ ബോധവൽക്കരണ ക്ലാസുകൾ നോട്ടീസ് വിതരണം, കുട്ടികളെ പങ്കാളികളാക്കി കൊണ്ട് ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി സ്നേഹപൂർവ്വം പ്രത്യാഘാതങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തൽ, വീഡിയോ ക്ലിപ്പിംഗുകൾ ഉപയോഗിച്ച് കുട്ടികൾക്ക് ക്ലാസ് ലഹരിക്കെതിരെ കാർട്ടൂൺ പോസ്റ്റർ, രചന മത്സരങ്ങൾ സംഘടിപ്പിക്കൽ, മികച്ച ലഹരി വിരുദ്ധ പ്രവർത്തനത്തിന് സമ്മാനം നൽകൽ. സ്കൂളിലും പരിസരത്തും പാൻ മസാല ഉപയോഗവും വില്പനയും നിരോധിക്കൽ, പോലീസ്, ആരോഗ്യം എക്സൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ വെച്ച് ലഹരി ഉപയോഗത്തിന്റെ ഭവിഷ്യത്തുകളെ കുറിച്ചു ക്ലാസ് നൽകൽ.

**കാലം**

വർഷത്തിൽ 2 തവണ

**ചുമതല**

എച്ച്.എം., ലഹരി വിരുദ്ധ ക്ലബ് കൺവീനർ, എസ്.ആർ.ജി. അധ്യാപകർ, എക്സൈസ് പോലീസ്, ഹെൽത്ത് ഉദ്യോഗസ്ഥർ

**സാമ്പത്തികം**

പി.ടി.എ



Scanned with OKEN Scanner

# പ്രതിഭ ക്ലബുകൾ

**ലക്ഷ്യം**

വിവിധ മേഖലകളിൽ പ്രതിഭകളെ സൃഷ്ടിക്കുക, അവരുടെ കൂട്ടായ്മയ്ക്കു വേദിയൊരുക്കുക.

**പ്രവർത്തനങ്ങൾ**

സംഗീതം, നൃത്തം, ചിത്രംവര, അഭിനയം തുടങ്ങിയ കലകളിലും ഫുട്ബോൾ വോളിബോൾ കബഡി അത്‌ലറ്റിക്സ് തുടങ്ങിയ കായികമേഖലകളിലും വിവര സാങ്കേതിക വിദ്യയിലും, ശാസ്ത്രത്തിലും പ്രവൃത്തിപരിചയമേളകളിലും, തിളങ്ങുന്ന താരങ്ങളെ കണ്ടെത്താനായി ഒന്നാം തരം മുതൽ കുട്ടികൾക്ക് മത്സരങ്ങളും, സാഹിത്യ സമാജവും സംഘടിപ്പിക്കുക, കഴിവ് പ്രകടിപ്പിക്കുന്നവരുടെ ക്ലബ് രൂപീകരിക്കുക. അസംബ്ലിയിലും, ക്ലാസ് പി.ടി.എ.യിലുമൊക്കെ ഈ കുട്ടികളുടെ പരിപാടികൾ ഉൾപ്പെടുത്തുക. ഈ കുട്ടികളെ വിവിധ മത്സരങ്ങൾ, കലോത്സവങ്ങൾ, കായികമേളകൾ, ശാസ്ത്രമേളകൾ പ്രവൃത്തി പരിചയ മേളകൾ എന്നിവയിൽ പങ്കെടുപ്പിക്കുക, സ്കൂൾ വാർഷികത്തിൽ സമ്മാനങ്ങൾ നൽകുക. നാടൻ കലാരൂപങ്ങളെക്കുറിച്ചും, നാടൻപാട്ടുകളെക്കുറിച്ചും വിദഗ്ധരുമായി അഭിമുഖങ്ങൾ, നാടകാഭിനയക്കളരി, കുട്ടിക്കൂട്ടങ്ങളുടെ സഹായത്തോടെ ചെറുവീഡിയോ ഫിലിം നിർമ്മാണം, പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കഥകളുടെ അനിമേഷൻ നിർമ്മാണം.

**കാലം**

സംഘാടനം ജൂൺ, തുടർന്ന് മാസത്തിൽ ഒരു തവണ

**ചുമതല**

അധ്യാപകർ, പി.ടി.എ., എസ്.എസ്.എ

**സാമ്പത്തികം**

പി.ടി.എ, എസ്.എസ്.എ.



Scanned with OKEN Scanner

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | <u>കലകളെ തിരിച്ചറിയൽ</u><br>• അതാത് കലാമേഖലകളിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് സോദാഹരണ ക്ലാസുകൾ കഥകളി തുള്ളൽ, ചാക്യാർകൂത്ത്, പാഠകം, നാടൻപാട്ട്, പൂതൻനിറ, ചവിട്ടുപാട്ട്, കണ്യാർകളി, പാന<br>• മാസത്തിൽ ഒരു കലാരൂപം പരിചയപ്പെടാം<br>• കലാകാരനെ മുൻകൂട്ടി നിശ്ചയിക്കുകയും അറിയിപ്പു നൽകുകയും വേണം. (സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെങ്കിൽ കലകൾ വീഡിയോസ് കുട്ടികൾക്ക് കാണിച്ച് കൊടുക്കണം) | സ്കൂളിലെ മുഴുവൻ കുട്ടികളും | ജൂൺ – മാർച്ച് | PTA SRG | 2000 |
| | <u>പ്രാദേശിക ചരിത്രം</u><br>• പോകുന്ന സ്ഥലം SRG കൂടി തീരുമാനിക്കണം.<br>• അഭിമുഖ ചോദ്യാവലി തയ്യാറാക്കണം.<br>• മികച്ച യാത്രാവിവരണങ്ങൾക്ക് സമ്മാനം നൽകാം. | | | | |

| തനതുപ്രവർത്തനം | കാലയളവ് | ഗുണഭോക്താക്കൾ | സാമ്പത്തികം |
|---|---|---|---|
| അന്യം നിന്നുകൊണ്ടിരിക്കുന്ന പണിയഭാഷ ശേഖരണം, നിഘണ്ടു നിർമ്മാണം | ജൂൺ – ഒക്ടോബർ | ഏഴ്, എട്ട്, ഒമ്പത് ക്ലാസ്സിലെ വിദ്യാർത്ഥികൾ | 5000/- |
| അന്യം നിന്നുകൊണ്ടിരിക്കുന്ന ആദിവാസി സമൂഹത്തിലെ ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ, നാട്ടറിവുകൾ എന്നിവയുടെ ശേഖരണം, പുസ്തകമാക്കൽ | ഒക്ടോബർ – ഫെബ്രുവരി | ഏഴ്, എട്ട്, ഒമ്പത് ക്ലാസ്സിലെ വിദ്യാർത്ഥികൾ | 5000/- |



Scanned with OKEN Scanner
Scanned with OKEN Scanner

# സാമൂഹികബന്ധം ശക്തിപ്പെടുത്തൽ

**ലക്ഷ്യം**

സ്കൂളിനെ പ്രദേശത്തിന്റെ ശക്തികേന്ദ്രമാക്കി മാറ്റൽ

**പ്രവർത്തനങ്ങൾ**

രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം പുലർത്തുക. ഓരോ മാസത്തിലും ക്ലാസ് പി.ടി.എ. വിളിക്കുക. പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തുക വർഷത്തിൽ ഒരിക്കൽ ദിനാചരണങ്ങൾ, ഓണാഘോഷം, വാർഷികാഘോഷം, തുടങ്ങിയ വേളകളിൽ അടുത്തുള്ള അംഗനവാടിയിലെ കുട്ടികളെയും, രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും, ആയുർവേദ ക്ലിനിക്കിലെ ഉദ്യോഗസ്ഥരുടെയും, സാന്നിധ്യം ഉറപ്പാക്കുക. വർഷത്തിൽ ഒരു തവണ കോർണർ പി.ടി.എ. രക്ഷിതാക്കളുടെ സൗകര്യാർത്ഥം വിവിധ മേഖലകളിൽ പി.ടി.എ. യോഗം സംഘടിപ്പിക്കലും ബോധവത്ക്കരണവും നടത്തൽ. (വർഷത്തിൽ ഒരു പ്രാവശ്യം) സ്ത്രീകൾക്ക് പ്രകൃതി പാചകമത്സരങ്ങൾ, നാടൻ പാചകമത്സരങ്ങൾ വിവിധ പ്രവൃത്തി പരിചയ പരിശീലനങ്ങൾ തുടങ്ങിയവ നടത്തുന്നു.

സ്കൂൾ കായികമേളയിൽ രക്ഷിതാക്കളേയും, നാട്ടുകാരെയും പങ്കെടുപ്പിച്ചു കൊണ്ട് മത്സരങ്ങൾ നടത്തുന്നു. രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം (ഇവയെല്ലാം വർഷത്തിൽ ഒരിക്കൽ)

**ചുമതല**

പി.ടി.എ, എച്ച്.എം, അധ്യാപകർ, എസ്.എസ്.എ, ഗ്രാമപഞ്ചായത്ത്

**സാമ്പത്തികം**

എസ്.എസ്.എ ഗ്രാമപഞ്ചായത്ത്

Scanned with OKEN Scanner

Scanned with OKEN Scanner